## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1617      14.12.2012- ൽ മറുപടിക്ക്

## ഹോർട്ടികൾച്ചർ മിഷൻ പദ്ധതി ചെലവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| എ | ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം 2012 -13 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം അറിയിക്കുമോ; | എ | 2012-13 സാമ്പത്തിക വർഷം വയനാട് ജില്ലയിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 32.78 ലക്ഷം രൂപയും രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)-യുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി 4.675 ലക്ഷം രൂപയും ചെലവഴിച്ചു. |
| ബി | സംസ്ഥാനത്ത് ഈയിനത്തിൽ ചെലവഴിച്ച തുകയുടെ എത്ര ശതമാനമാണ് വയനാട് ജില്ലയിൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | ബി | ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്ത് ചെലവഴിച്ച മൊത്തം തുകയുടെ 2.4 ശതമാനവും, രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) )-യുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിലേയ്ക്കായി സംസ്ഥാനത്ത് ചെലവഴിച്ച മൊത്തം തുകയുടെ 5.56 ശതമാനവും വയനാട് ജില്ലയിൽ ചെലവഴിച്ചു. |
| സി | ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം നടപ്പുവർഷം വയനാട് ജില്ലയിൽ നടപ്പാക്കുന്ന പരിപാടികളുടെ വിശദാംശം വെളിപ്പെടുത്തുമോ? | സി | നടപ്പ് സാമ്പത്തിക വർഷം വയനാട് ജില്ലയിൽ 6.10152 കോടി രൂപയുടെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി നടപ്പിലാക്കുന്നു. ഇതിൽ 70 ഹെക്ടർ സ്ഥലത്ത് വാഴയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കന്നതിന് 14.875 ലക്ഷം രൂപയും 100 ഹെക്ടർ സ്ഥലത്ത് ടിഷ്യു ക്കൾച്ചർ വാഴകൃഷിയ്ക്ക് 31.202 |

ലക്ഷം രൂപയും 5 ഹെക്ടർ സ്ഥലത്തെ കട്ട്ഫ്ളവർ കൃഷിയ്ക്ക് 1.75 ലക്ഷം രൂപയും 75 ഹെക്ടർ സ്ഥലത്തെ സുഗന്ധവ്യഞ്ജന കൃഷിയ്ക്ക് 9.375 ലക്ഷം രൂപയും 50 ഹെക്ടർ സ്ഥലത്ത് കൊക്കോയുടെ വിളവിസ്തൃതി വ്യാപനത്തിന് 6 ലക്ഷം രൂപയും 35 ഹെക്ടർ സ്ഥലത്ത് കൊക്കോയുടെ പഴയതും ഉത്പാദനക്ഷമത കുറഞ്ഞതുമായ ചെടികൾ വെട്ടിമാറ്റി പുതിയവ വെച്ചു പിടിപ്പിക്കുന്നതിന് 5.25 ലക്ഷം രൂപയും ജലസ്രോതസിന്റെ ഒരു യൂണിറ്റ് നിർമ്മിക്കുന്നതിന് 17.25 ലക്ഷം രൂപയും 350 ഹെക്ടറിലെ സംയോജിത രോഗകീട നിയന്ത്രണ ത്തിന് 3.5 ലക്ഷം രൂപയും ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്ര വത്ക്കരണം എന്ന ഘടകത്തി ൽ ഉൾപ്പെടുത്തി 57 യൂണി റ്റുകൾക്ക് 14.75 ലക്ഷം രൂപയും വിളവെടു പ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഒരു പ്രികൂളിംഗ് യൂണിറ്റിന് 8.25 ലക്ഷം രൂപയും 2 റീഫർ വാനുകൾക്ക് 26.4 ലക്ഷം രൂപയും 3 പ്രോസസിംഗ് യൂണിറ്റുകൾക്ക് 28.8 ലക്ഷം രൂപയും 1 ശീഥീകരണ യൂണിറ്റിന് 165 ലക്ഷം രൂപയും 1 റൈപ്പനിംഗ് ചേമ്പറിന് 165 ലക്ഷം രൂപയും 5 റൂറൽ മാർക്കറ്റുകൾ സ്ഥാപിക്കു ന്നതിന് 55 ലക്ഷം രൂപയും 9 ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് 49.5 ലക്ഷം രൂപയും 1 സോർട്ടിഗ്-ഗ്രേഡിംഗ്-പായ്ക്കിംഗ് യൂണിറ്റിന് 8.25 ലക്ഷം രൂപയും വകയിരുത്തി യിരിക്കുന്നു. കൂടാതെ 1.98841 കോടി രൂപയുടെ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)യുടെ സാമ്പത്തിക സഹായത്തോടെ നടപ്പി ലാക്കുന്ന പദ്ധതിയും വയനാട് ജില്ലയിൽ നടപ്പിലാക്കുന്നു. ഇതിൽ പച്ചക്കറികളുടേയും പുഷ്പങ്ങളുടേ യും സംരക്ഷിത കൃഷിയിൽ ഉൾപ്പെടുത്തി 21000 ചതുരശ്ര മീറ്റർ നാച്യുറലി വെന്റിലേറ്റഡ് ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിന് 98.175 ലക്ഷം രൂപയും 131 ഹെക്ടർ തുറസ്സായ സ്ഥലത്ത് പച്ചക്കറി, വാഴ എന്നിവയുടെ സൂക്ഷ്മകൃഷിയ്ക്ക് 52.4 ലക്ഷം രൂപയും ഒരു പോട്ട് ട്രേ നഴ്സറി

സ്ഥാപിക്കുന്നതിന് 4 ലക്ഷം രൂപയും ടിഷ്യൂക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള 101 ഹെക്ടർ സ്ഥലത്തെ വാഴകൃഷിയ്ക്ക് 42.016 ലക്ഷം രൂപയും 20 കൂൺ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 2.25 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിലെ 25 പഞ്ചായത്തുകളിൽ ഒരോ പഞ്ചായത്തിലും 400 ചതുരശ്ര മീറ്ററിന്റെ 3 പോളിഹൗസു കൾ വീതം സ്ഥാപിക്കുന്നതിന് 210.375 ലക്ഷം രൂപയും, 500 ചതുരശ്ര മീറ്ററിന്റെ 2 പോളീഹൗസ് ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 9.35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതിയ്ക്കായി നടപടി സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ